
STAR VISION
മലയാളം
സ്റ്റാർവിഷൻ ന്യൂസ്
STARVISION NEWS MALAYALAM
29
വെള്ളി
JANUARY
2021
ml.starvisionnews.com /StarvisionMal /Starvision News




# ഡൽഹിയിൽ ഇസ്രായേൽ എംബസിക്ക് സമീപം സ്ഫോടനം

# സ്റ്റാർവിഷൻ ന്യൂസ്

INDIA 2

29 JANUARY 2021

STAR VISION മലയാളം

ml.starvisionnews.com /StarvisionMal /Starvision News


ന്യൂഡൽഹി: ഡൽഹിയിൽ ഇസ്രായേൽ എംബസിയ്ക്ക് സമീപം സ്ഫോടനം. തീവ്രത കുറഞ്ഞ സ്ഫോടനമാണ് ഉണ്ടായത്. എംബസിയ്ക്ക് മുന്നിലുണ്ടായിരുന്ന കാറുകൾക്ക് കേടുപാടുകൾ പറ്റിയെന്നാണ് റിപ്പോർട്ട്. അതേസമയം ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. അഗ്നി ശമന സേന സ്ഥലത്തെത്തിയിട്ടുണ്ട്. ഡൽഹി പോലീസും സംഭവ സ്ഥലത്ത് പരിശോധന നടത്തുകയാണ്. വിശദമായ അന്വേഷണം പുരോഗമിക്കുകയാണ്. സ്ഫോടനത്തിന് ഉപയോഗിച്ചത് ഐഇഡിയാണെന്ന് സ്ഥിരീകരിച്ചതായി റിപ്പോർട്ടുകൾ ഉണ്ട്. നടപ്പാതയിലെ കുറ്റിക്കാട്ടിൽ ഒളിപ്പിച്ച നിലയിലുണ്ടായിരുന്നു സ്ഫോടക വസ്തു.ഇന്ന് വെകുന്നേരത്തോടെയാണ് സ്ഫോടനം ഉണ്ടായത്. 5 കാറുകളുടെ ചില്ലുകൾ സ്ഫോടനത്തിൽ പൊട്ടിത്തെറിച്ചു. ഡൽഹി അബ്ദുൾ കലാം റോഡിലാണ് ഇസ്രായേൽ എംബസി സ്ഥിതി ചെയ്യുന്നത്. വിജയ് ചൗക്കിൽ നിന്നും വെറും രണ്ടു കിലോമീറ്റർ ദൂരത്തായാണ് അബ്ദുൾ കലാം റോഡ്.



സ്റ്റാർവിഷൻ ന്യൂസ്
INDIA 3
29 JANUARY 2021
STAR VISION മലയാളം
ml.starvisionnews.com /StarvisionMal /Starvision News



# സിംഘുവിൽ കർഷകരും പ്രതിഷേധക്കാരും ഏറ്റുമുട്ടി

ദില്ലി: കേന്ദ്ര സർക്കാരിന്റെ കർഷക നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് സമരം ചെയ്യുന്ന കർഷകർക്കെതിരെ സിംഘുവിൽ ഒരു വിഭാഗം പ്രതിഷേധക്കാർ. കർഷകരുടെ സമരവേദിയിലെത്തിയ പ്രതിഷേധക്കാർ സമരവേദികളിൽ ചിലത് തല്ലിപ്പൊളിച്ചു. പ്രദേശത്ത് കർഷകരും പ്രതിഷേധക്കാരും തമ്മിൽ ഏറ്റുമുട്ടി. സ്ഥലത്ത് കല്ലേറും സംഘർഷാവസ്ഥയും നിലനിൽക്കുകയാണ്. പൊലീസ് കണ്ണീർ വാതകം പ്രയോഗിച്ചു. കർഷകർ സമരം ചെയ്യുന്ന വേദിയിലേക്ക് ബാരിക്കേഡുകൾ മറികടന്നാണ് ഒരു വിഭാഗം കൂട്ടം ചേർന്ന് എത്തിയത്. സമരവേദിക്ക് സമീപത്ത് നിലയുറച്ച കേന്ദ്രസേനയോ പൊലീസോ കാര്യമായി തടയാതിരുന്നതിനെ തുടർന്നാണ് ഈ പ്രതിഷേധക്കാർ സമരം ചെയ്യുന്ന കർഷകരുടെ അരികിലേക്ക് എത്തിച്ചേർന്നത്.

കർഷകരുടെ പാത്രങ്ങളും ടെന്റുകളും മറ്റ് സാധനങ്ങളടക്കം പ്രതിഷേധക്കാർ നശിപ്പിച്ചു. ഇവർ കർഷകരോ നാട്ടുകാരോ അല്ലെന്നാണ് വിവരം. പ്രതിഷേധക്കാരെ പൊലീസ് പിന്നീട് ഇടപെട്ട് നീക്കി. പിന്നാലെ കർഷകർ സമരം ചെയ്യുന്ന ഇടത്തേക്ക് കൂടുതൽ പൊലീസ് നീങ്ങി. പൊലീസ് നടപടിയ്ക്കുള്ള സാധ്യതയും സാഹചര്യവുമാണ് സ്ഥലത്ത് നിലനിൽക്കുന്നത്. മാധ്യമങ്ങളെയടക്കം ദൃശ്യങ്ങൾ പകർത്തുന്നതിൽ നിന്നും പൊലീസ് ഇടപെട്ട് ഒരു ഘട്ടത്തിൽ തടയുന്ന സാഹചര്യവും ഉണ്ടായി.അതേ സമയം പൊലീസ് കർഷകർക്ക് എതിരെ വന്ന പ്രതിഷേധക്കാരെ തടഞ്ഞില്ലെന്നും അതാണ് സംഘർഷത്തിലേക്ക് കടന്നതെന്നും കർഷക നേതാക്കൾ പ്രതികരിച്ചു. സമരം തുടരുമെന്നും ഭയപ്പെട്ട് പിൻമാറില്ലെന്നും നേതാക്കൾ പ്രതികരിച്ചു. പൊലീസ് നിയന്ത്രിക്കണമെന്ന് സംയുക്ത കിസാൻ മോർച്ച യും ആവശ്യപ്പെട്ടു.



mem
Santhigiri Ayurvedic Center
HIDD, KINGDOM OF BAHRAIN
36 83 07 77
SALMABAD, KINGDOM OF BAHRAIN
38 37 80 33



Looking for the best way
To send money home?
Use LuLu Money app
www.lulumoney.com
LuLu Money
MONEY TRANSFER APP
Scan to download
LuLu Money App
Download on the App Store
ANDROID APP ON Google play
MONEY.
WHENEVER.
LTE
65%
LuLu Money
BHD
1.00
USD
2.6497
1.00 USD = 0.37740001 BHD*
Send Money
Recipients
My Transfers
Live Chat




# സന്തോഷ് കൈലാസിന് കണ്ണൂർ എയർപോർട്ടിൽ സ്വീകരണം നൽകി

കണ്ണൂർ: ഇന്ത്യയുടെ റിപ്പബ്ലിക് ദിനപരേഡിൽ കേരളത്തെ പ്രതിനിധികരിച്ച് പങ്കെടുത്ത ബഹ്റൈൻ സോപാനം വാദ്യകലാസംഘത്തിന്റെ ഗുരു സന്തോഷ് കൈലാസിന് കണ്ണൂർ എയർപോർട്ടിൽ സ്വീകരണം നൽകി. ഡൽഹിയിൽ നിന്നും കണ്ണൂരിലെത്തിയ സന്തോഷ് കൈലാസിനെ ബഹ്റൈൻ സോപാനം ശിഷ്യരായ നിഖിൽ,സുനിൽ, സജീഷ് എന്നിവർ ചേർന്ന് സ്വീകരിച്ചു.



സ്റ്റാർവിഷൻ ന്യൂസ്
STAR VISION മലയാളം
INDIA 8
29 JANUARY 2021
ml.starvisionnews.com /StarvisionMal /Starvision News



# ശശി തരൂർ ഉൾപ്പടെ 8 പേർക്കെതിരെ രാജ്യദ്രോഹക്കുറ്റം

സ്റ്റാർവിഷൻ ന്യൂസ്
INDIA 9
29 JANUARY 2021
STAR VISION മലയാളം
ml.starvisionnews.com /StarvisionMal /Starvision News

ആഗ്ര: റിപ്പബ്ലിക് ദിനത്തിൽ കർഷക സമരക്കാർ നടത്തിയ ട്രാക്ടർ റാലി സംബന്ധിച്ച് ചാനലുകളിലും സോഷ്യൽ മീഡിയയിലും തെറ്റായ വിവരം പ്രചരിപ്പിച്ചുവെന്ന പരാതിയിൽ കോൺഗ്രസ് എംപി ശശി തരൂരിനും കാരവൻ എഡിറ്ററും മലയാളിയുമായ വിനോദ് കെ ജോസ്, രാജ്ദീപ് സർദേശായി, മൃണാൽ പാണ്ഡെ, സഫർ ആഗ, പരേഷ് നാഥ്, അനന്ത് നാഥ് എന്നീ മുതിർന്ന മാധ്യമ പ്രവർത്തകർക്കുമെതിരെ പോലീസ് രാജ്യദ്രോഹ കുറ്റം ചുമത്തി കേസെടുത്തു. ക്രിമിനൽ ഗൂഢാലോചന, ശത്രുത പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ കുറ്റങ്ങളും എഫ്ഐആറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡൽഹിയോട് ചേർന്ന് കിടക്കുന്ന യുപിയിലെ നോയ്ഡയിലെ ഒരു പൊലീസ് സ്റ്റേഷനിലാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ട്രാക്ടർ റാലിക്കിടെ ഒരു കർഷകർ വെടിയേറ്റു മരിച്ചു എന്ന ഇവരുടെ പോസ്റ്റുകളും വാർത്തകളുമാണ് ചെങ്കോട്ടയിലുണ്ടായ സംഘർഷത്തിന് കാരണമായതെന്ന് ചൂണ്ടിക്കാട്ടി ഒരു നോയ്ഡ സ്വദേശി നൽകിയ പരാതിയിലാണ് കേസ്.






LuLu®
Where the world comes to shop,
safely!

لولو®
حيث يأتي العالم للتسوق،
بأمان!

സ്റ്റാർവിഷൻ ന്യൂസ്
BAHRAIN 11
29 JANUARY 2021
STAR VISION മലയാളം
ml.starvisionnews.com /StarvisionMal /Starvision News



# ലുലു ഹൈപ്പർമാർക്കറ്റിന്റെ ഇന്ത്യൻ ഭക്ഷണ മേള ഇന്ന് സമാപിക്കും

മനാമ: ബഹ്റൈനിലെ പ്രമുഖ റസ്റ്റോറന്റുകളെ പങ്കെടുപ്പിച്ചു കൊണ്ട് ലുലു ഹൈപ്പർ മാർക്കറ്റ് സംഘടിപ്പിക്കുന്ന ഭക്ഷണമേള ഇന്ന് (വെള്ളിയാഴ്ച) സമാപിക്കും. വ്യത്യസ്തമായ ഇന്ത്യൻ രുചികളെ ഈ മേളയിലൂടെ അനുഭവിച്ചറിയാൻ കഴിയും. മെയിൻ റോഡിനോട് ചേർന്നുള്ള ദാനാ മാളിന്റെ വിശാലമായ പാർക്കിംഗ് ഏരിയയിൽ ആണ് ഇന്ത്യൻ ഭക്ഷണ മേള നടക്കുന്നത്. വൈകിട്ട് 6 മണി മുതൽ ആരംഭിക്കുന്ന ഭക്ഷ്യമേള 11 മണി വരെ നീണ്ടുനിൽക്കും. കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചു കൊണ്ടാണ് ഭക്ഷണ മേള ഒരുക്കിയിരിക്കുന്നത്. ഇന്ത്യയുടെ നാടൻ വിഭവങ്ങൾ, ദക്ഷിണേന്ത്യൻ വിഭവങ്ങൾ, ഇന്ത്യയിലെ ടിബറ്റൻ സമൂഹം ജനപ്രിയമാക്കിയ മോമോസ്, കേരളത്തിൽ നിന്നും പഞ്ചാബിൽ നിന്നുമുള്ള വിഭവങ്ങൾ, മുംബൈയുടെ തനതായ സ്ട്രീറ്റ് ഫുഡ്സ്, ബംഗാളിൽ നിന്നുള്ള മധുരപലഹാരങ്ങൾ എന്നിവയുടെ രുചിഭേദങ്ങൾ മേളയിൽ ആസ്വദിക്കാം.ഇന്ത്യൻ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ലുലു ഹൈപ്പർമാർക്കറ്റ് ബഹ്റൈനിൽ നടത്തുന്ന ഇന്ത്യ ഫെസ്റ്റിന്റെ ഭാഗമായാണ് ഭക്ഷ്യമേളയും സംഘടിപ്പിച്ചിട്ടുള്ളത്. ഇന്ത്യൻ ഉൽപന്നങ്ങൾക്ക് ഈ കാലയളവിൽ പ്രത്യേക ഓഫറുകളുമുണ്ട്. ആകർഷകമായ വിലക്കിഴിവോടെ ഇന്ത്യൻ ഉത്പന്നങ്ങളുടെ വിപണന മേളയായ ‘ഇന്ത്യ ഫെസ്റ്റ്’ ഫെബ്രുവരി 6 വരെ നീണ്ടു നിൽക്കും.



സ്റ്റാർവിഷൻ ന്യൂസ്
INDIA 13
29 JANUARY 2021
STAR VISION മലയാളം
ml.starvisionnews.com /StarvisionMal /Starvision News



# കശ്മീരിൽ മൂന്ന് ഭീകരരെ സൈന്യം വധിച്ചു

ശ്രീനഗർ : ജമ്മുകശ്മീരിൽ മൂന്ന് ഭീകരരെ സൈന്യം വധിച്ചു. അവന്തിപ്പോറയിൽ നടന്ന ഏറ്റുമുട്ടലിലാണ് ഭീകരരെ സൈന്യം വധിച്ചത്. അവന്തിപ്പോറയിലെ ത്രാൽ പ്രദേശത്തായിരുന്നു ഏറ്റുമുട്ടൽ. പോലീസും അർദ്ധസൈനിക വിഭാഗങ്ങളും സംയുക്തമായി നടത്തിയ ഓപ്പറേഷനിലാണ് ഭീകരരെ വകവരുത്തിയത്. കൊല്ലപ്പെട്ട ഭീകരരെ തിരിച്ചറിഞ്ഞിട്ടില്ല. കൂടുതൽ ഭീകരരുണ്ടോ എന്നറിയാൻ പരിശോധന പുരോഗമിക്കുകയാണ്.



# നടി ആൻ അഗസ്റ്റിനും ജോമോൻ ടി ജോണും വിവാഹമോചിതരാകുന്നു

സ്റ്റാർവിഷൻ ന്യൂസ്
STAR VISION മലയാളം
ENTMT 15
29 JANUARY 2021
ml.starvisionnews.com /StarvisionMal /Starvision News

കൊച്ചി : നടി ആൻ അഗസ്റ്റിനും ഛായാഗ്രാഹകൻ ജോമോൻ. ടി. ജോണും വിവാഹമോചിതരാകുന്നു. ഒരുമിച്ച് മുന്നോട്ട് പോകാൻ സാധിക്കാത്തതിനാൽ ഇരുവരും വേർപിരിയാൻ തീരുമാനിച്ചതായാണ് റിപ്പോർട്ടുകൾ. ഏറെ നാളായി ഇരുവരും വേർപിരിഞ്ഞു കഴിയുകയായിരുന്നു. വിവാഹമോചനം ആവശ്യപ്പെട്ടുള്ള ഹർജി ജോമോൻ ചേർത്തല കുടുംബ കോടതിയിൽ സമർപ്പിച്ചിരുന്നു. ഹർജി പരിഗണിച്ച കോടതി ഫെബ്രുവരി ഒൻപതിന് ഹാജരാകാൻ ആവശ്യപ്പെട്ട് ആൻ അഗസ്റ്റിന് നോട്ടിസ് അയച്ചു.

2014ലായിരുന്നു ആൻ അഗസ്റ്റിനും ജോമോനും വിവാഹിതരാകുന്നത്. തുടർന്ന് അഭിനയ രംഗത്തുനിന്ന് വിട്ടു നിൽക്കുകയായിരുന്നു ആൻ. വിവാഹ ശേഷം രണ്ട് സിനിമകളിൽ മാത്രമാണ് ആൻ അഭിനയിച്ചത്. ചാപ്പാകുരിശ് എന്ന സിനിമയിലൂടെ ചലച്ചിത്ര രംഗത്തേയ്ക്ക് എത്തിയ ജോമോൻ ഇന്ന് ഇന്ത്യയിലെ തന്നെ പ്രധാന ഛായാഗ്രാഹകൻമാരിൽ ഒരാളാണ്.

LuLu® Where the world comes to shop, safely!
لولو® حيث يأتي العالم للتسوق، بأمان!




# GENERAL HEALTH CHECK-UP PACKAGE

# 5BD



**FREE DOCTOR CONSULTATION**

1. CBC
   - HB
   - TC
   - DC
   - PLATELET
   - HAEMATOCRIT
   - MCV
   - MCH
2. URINE ROUTINE
3. CHOLESTEROL
4. URIC ACID
5. BLOOD SUGAR
6. HEIGHT
7. WEIGHT
8. BLOOD PRESSURE

*This Offer Valid Until 31 March 2021
العرض ساري لغاية تاريخ ٣١ مارس ٢٠٢١

17630007 | 17440007 35971109

مركز شفاء داركليب الطبي
**SHIFA DARKULAIB MEDICAL CENTER**
Tel: 17630007 | 17440007 | 17250007 | 35971109 | C.R: 109350-1
Bldg: 438 P Block: 1048 | Road: 46, Darkulaib | Kingdom of Bahrain

shifadarkulaib@gmail.com shifamedicalgroup.com shifa_darkulaib_medical_center

സ്റ്റാർവിഷൻ ന്യൂസ്
STAR VISION മലയാളം
KERALA 18
29 JANUARY 2021
ml.starvisionnews.com /StarvisionMal /Starvision News



# കസേരക്ക് വേണ്ടി കലാപം ഉണ്ടാക്കാനില്ലെന്ന് രമേശ് ചെന്നിത്തല

തിരുവനന്തപുരം: കസേരക്ക് വേണ്ടി കലാപം ഉണ്ടാക്കാനില്ലെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല . മുഖ്യമന്ത്രി സ്ഥാനത്തിന് വേണ്ടി അവകാശവാദം ഉന്നിയിക്കില്ലെന്നും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ഉമ്മൻ ചാണ്ടി അടക്കം ആര് മുഖ്യമന്ത്രി ആയാലും പ്രശ്നം ഇല്ല . സ്ഥാനത്തിന് വേണ്ടി കലാപം ഉണ്ടാക്കുന്ന പതിവോ ജാഥ നടത്തുന്ന പതിവോ ഇല്ലെന്നും ചെന്നിത്തല വിശദീകരിച്ചു, നിയമസഭാ തെരഞ്ഞെടുപ്പിന് ശേഷം പാർട്ടിയെ അധികാരത്തിൽ എത്തിക്കുക എന്നതിനാണ് പ്രാധാന്യം നൽകുന്നത്. മുസ്ലീം ലീഗിന് പ്രതിപക്ഷ നേതാവിനോട് അവിശ്വാസം ഉള്ളതായി കരുതുന്നില്ല. തെരഞ്ഞെടുപ്പിന് ശേഷം എന്ത് വേണമെന്നുള്ളത് ജനങ്ങളാണ് തീരുമാനിക്കേണ്ടത്.

കെപിസിസി പ്രസിഡന്റ് സ്ഥാനത്ത് നിന്ന് മാറി രണ്ടര വർഷത്തോളം ഒരു പദവിയും ഇല്ലാതെ നിന്നിട്ടുണ്ട്. അന്നും പാർട്ടിയായിരുന്നു വലുത്. മറ്റാരെങ്കിലും ആയിരുന്നെങ്കിൽ അന്ന് എന്താകുമായിരുന്നു എന്നും രമേശ് ചെന്നിത്തല ചോദിക്കുന്നു. അന്ന് ഹൈക്കമാൻറ് ഇടപെട്ടതിന് ശേഷമാണ് ആഭ്യന്തര മന്ത്രിയായി സ്ഥാനമേറ്റെടുത്തതെന്നും രമേശ് ചെന്നിത്തല പറഞ്ഞു. പാർട്ടി പറയുന്നതെന്തും കേൾക്കുന്നതാണ് ശീലം. അതിൽ മാറ്റമില്ല. എന്തിലും വലുത് കോൺഗ്രസ് പാർട്ടിയാണെന്നും രമേശ് ചെന്നിത്തല പറഞ്ഞു.







# സ്റ്റാർവിഷൻ ന്യൂസ്

WORLD
20

29
JANUARY
2021

STAR VISION
മലയാളം

ml.starvisionnews.com /StarvisionMal /Starvision News





## ഇന്ത്യയുടെ വാക്സിൻ നിർമ്മാണശേഷി ലോകത്തിന്റെ മികച്ച സ്വത്തെന്ന് യുഎൻ മേധാവി

ന്യൂയോർക്ക്: ഇന്ത്യയുടെ കോവിഡ് പ്രതിരോധ വാക്സിൻ ഉല്പാദന ശേഷിയാണ് ലോകത്തിന് ഇന്നുളള ഏറ്റവും മികച്ച സ്വത്തെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറെസ്. ആഗോള വാക്സിൻ കാമ്പെയിൻ യാഥാർഥ്യമാക്കുന്നതിൽ ഇന്ത്യ സുപ്രധാനപങ്കുവഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. 'ഇന്ത്യ വികസിപ്പിച്ച വാക്സിനുകളുടെ വലിയതോതിലുള്ള ഉല്പാദനം ഇന്ത്യയിൽ നടക്കുന്നുണ്ടെന്ന് എനിക്കറിയാം. ഞങ്ങൾ ഇന്ത്യൻ സ്ഥാപനങ്ങളുമായി അതിന് വേണ്ടി ബന്ധപ്പെട്ടിട്ടുണ്ട്. ആഗോള വാക്സിൻ കാമ്പെയിൽ യാഥാർഥ്യമാക്കുന്നതി ആവശ്യമായ എല്ലാം ഇന്ത്യയിലുണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇന്ത്യയുടെ വാക്സിൻ ഉല്പാദനശേഷിയാണ് ഇന്ന് ലോകത്തിന്റെ ഏറ്റവും മികച്ച സ്വത്ത്. അത് പൂർണമായി ഉപയോഗിക്കണമെന്ന് ലോകം മനസ്സിലാക്കുമെന്ന് ഞാൻ കരുതുന്നു.' അന്റോണിയോ ഗുട്ടെറെസ് പറഞ്ഞു. അയൽ രാജ്യങ്ങൾക്ക് 55 ലക്ഷം ഡോസ് കോവിഡ് വാക്സിനുകൾ സമ്മാനിച്ചതിന് തൊട്ടുപിന്നാലെയാണ് യുഎൻ സെക്രട്ടറി ജനറലിന്റെ പ്രസ്താവന. 2021 ജനുവരി 21 മുതൽ 55 ലക്ഷം ഡോസ് വാക്സിനാണ് അയൽ രാജ്യങ്ങൾക്ക് ഇന്ത്യ സമ്മാനിച്ചിട്ടുളളത്.



STAR VISION
മലയാളം
# സ്റ്റാർവിഷൻ ന്യൂസ്
INDIA 22
29 JANUARY 2021
ml.starvisionnews.com /StarvisionMal /Starvision News



## ഡൽഹി സുരക്ഷ ഉന്നത ഉദ്യോഗസ്ഥരുമായി അമിത് ഷാ കൂടിക്കാഴ്ച നടത്തുന്നു

ന്യൂഡൽഹി : ഉന്നത ഉദ്യോഗസ്ഥരുമായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ കൂടിക്കാഴ്ച നടത്തുന്നു. ഡൽഹിയിലെ സുരക്ഷ വിലയിരുത്താനാണ് യോഗം. പൊലീസ്, ഇന്റലിജൻസ് ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.




SHIFA DARKULAIB MEDICAL CENTER
BLDG: 438P, BLOCK: 1048, ROAD:46, DARKULAIB,
KINGDOM OF BAHRAIN
TEL: 17630007, MOB: 35971109, 38361949

كيمزهيلث مركز طبي


KIMSHEALTH Medical Center



# Time to get your Flu Shot!

Protect yourself and your family this winter

## BD 8



**UMM ALHASSAM** 1782 2123 3217 3222

**MUHARRAQ** 1734 8300 3875 8805 1734 8399

kimshealthbahrain

സ്റ്റാർവിഷൻ ന്യൂസ്
STAR VISION മലയാളം
KERALA 25
29 JANUARY 2021
ml.starvisionnews.com /StarvisionMal /Starvision News



# കെഎം ഷാജി കാസർകോട്ട് മത്സരിച്ചേക്കും

കോഴിക്കോട്: വരുന്ന നിയമസഭാ തെരെഞ്ഞെടുപ്പിൽ കാസർകോട് മണ്ഡലത്തിൽ നിന്ന് മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി കെ.എം. ഷാജി എംഎൽഎയെ മത്സരിപ്പിക്കാനൊരുങ്ങുന്നു. യുഡിഎഫ് ഭരണത്തിലേറിയാൽ കെഎം ഷാജിയെ മന്ത്രിയാക്കാനും അതുവഴി ജില്ലക്ക് മന്ത്രിയെ നൽകാനുമാണ് നീക്കം.സിപിഎമ്മിൽനിന്നു പിടിച്ചെടുത്ത് 2 തവണ വിജയിച്ച അഴീക്കോട് സീറ്റിൽ ഇത്തവണ കെ.എം. ഷാജി എംഎൽഎ മത്സരിക്കില്ലെന്നാണ് പുറത്തുവരുന്ന വാർത്തകൾ. ഷാജിക്ക് സുരക്ഷിത മണ്ഡലം നൽകി മന്ത്രി പദം നല്കാൻ വേണ്ടിയാണ് മണ്ഡലം മാറി മത്സരിപ്പിക്കുന്നത്. ഓരോ ജില്ലക്കും മന്ത്രി പദം നൽകണമെന്ന നിലപാടും മുസ്ലിം ലീഗിനുണ്ട്. ഷാജിയുടെ താൽപര്യം ലീഗ് നേതൃത്വം ആരാഞ്ഞിട്ടുണ്ട്.

സ്റ്റാർവിഷൻ ന്യൂസ്
STAR VISION മലയാളം
KERALA 26
29 JANUARY 2021
ml.starvisionnews.com /StarvisionMal /Starvision News



Your paragraph text

# മലയാളി ദമ്പതികൾ കോവിഡ് ബാധിച്ചു മരിച്ചു

കുവൈറ്റ് സിറ്റി: കുവൈറ്റിൽ കോവിഡ് ചികിത്സയിലായിരുന്ന മലയാളി ദമ്പതികൾ മരിച്ചു. ഭാര്യ മരിച്ചു രണ്ടാഴ്ച തികയും മുമ്പാണ് ഭർത്താവിൻറെയും മരണം. മലപ്പുറം തിരൂർ സ്വദേശി അബ്ദുൾ റഹ്മാൻ ചെങ്ങാട് (75) ആണ് മരിച്ചത്. അദ്ദേഹത്തിൻറെ ഭാര്യ നാലകത്ത് സുഹറാബി (65) ജനുവരി 9 ന് കുവൈറ്റിൽ തന്നെ കോവിഡ് ബാധിച്ചു മരണപ്പെട്ടിരുന്നു. സെറിൻ, നിലൂഫ എന്നിവർ മക്കളാണ്.

LuLu®
Where the world comes to shop, safely!
لولو
حيث يأتي العالم للتسوق, بأمان!


Say Yes to Good Health!
Avail
FULL BODY
HEALTH CHECK-UP
72 TESTS
Including
VITAMIN D TEST
BEST RATE
BD 8 only
PACKAGE INCLUDES:
Complete Blood Count | Lipid Profile | Diabetic Screening | RFT | LFT
Electrolytes | Urine Complete | BMI | BP | Vitamin D | Blood Group & Rh
Doctor Consultation
FOR MORE INFORMATION:
3695 5777
(8 Hrs Fasting Preferred)
*Terms & Conditions Apply
OFFER AVAILABLE AT MIDDLE EAST HOSPITAL & MEDICAL CENTERS
VALID TILL 31st JANUARY, 2021 | FASTEST RESULTS (IN-HOUSE REPORTING)
nhra BAHRAIN
PLATINUM ACCREDITED
مستشفى ومراكز الشرق الأوسط الطبية
MIDDLE EAST
HOSPITAL & MEDICAL CENTERS
SEGAYA 1736 2233 | HIDD 1746 4848
BIW 1746 4848 | SALMABAD 1721 6056
www.mehospital.com | www.membh.com Follow us: mehgroup middleeasthospitalbh

സ്റ്റാർവിഷൻ ന്യൂസ്
STAR VISION മലയാളം
KERALA 28
29 JANUARY 2021
ml.starvisionnews.com /StarvisionMal /Starvision News




# സിംസ് ബഹ്റൈൻ പ്രസിഡണ്ട് ചാൾസ് ആലുക്കയുടെ മാതാവ് അന്തരിച്ചു

മനാമ: ബഹ്റൈൻ സിറോ മലബാർ സൊസൈറ്റി(സിംസ്) പ്രസിഡന്റ് ചാൾസ് ആലുക്കയുടെ അമ്മയും പരേതനായ ആലുക്കൽ ലൂയിസിന്റെ ഭാര്യയുമായ കുഞ്ഞു അന്നം അന്തരിച്ചു. സംസ്കാരം നാളെ രാവിലെ 11.30 ന് തൃശ്ശൂർ ആലപ്പാട് പുറത്തൂർ സെന്റ് ആന്റണീസ് ദേവാലയത്തിൽ നടക്കും.



സ്റ്റാർവിഷൻ ന്യൂസ്
BAHRAIN 29
29 JANUARY 2021
STAR VISION മലയാളം
ml.starvisionnews.com /StarvisionMal /Starvision News




# അഗ്നി സുരക്ഷയുമായി ബന്ധപ്പെട്ട 774 ലംഘനങ്ങൾ സിവിൽ ഡിഫൻസ് രജിസ്റ്റർ ചെയ്തു

മനാമ: കടകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ എന്നിവയ്ക്കെതിരായ അഗ്നിരക്ഷാ വ്യവസ്ഥകളുമായി ബന്ധപ്പെട്ട 774 നിയമലംഘനങ്ങൾ ജനറൽ ഡയറക്ടറേറ്റ് ഓഫ് സിവിൽ ഡിഫൻസ് രജിസ്റ്റർ ചെയ്തു. ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി പ്രൊട്ടക്ഷൻ ആൻഡ് സേഫ്റ്റി ഡയറക്ടറേറ്റ് നടത്തിയ പരിശോധനാ പ്രചാരണത്തിനിടെയാണ് ലംഘനങ്ങൾ റിപ്പോർട്ട് ചെയ്തത്. അഗ്നിശമന ഉപകരണങ്ങളുടെയും പുക കണ്ടെത്തൽ ഉപകരണങ്ങളുടെയും പ്രാധാന്യം, എമർജൻസി ലൈറ്റുകൾ, അലാറം സംവിധാനങ്ങൾ, ഷോപ്പുകളിലെ മറ്റ് സുരക്ഷാ ആവശ്യകതകൾ എന്നിവയെക്കുറിച്ചും ഡയറക്ടറേറ്റ് ബഹുഭാഷാ അവബോധ കാമ്പെയ്നുകൾ നടത്തി.



Lovely
KOZHIKODE LIVE
RESTAURANT
FREE HOME DELIVERY
17100039
ഗുലാൻ തട്ടുകട
Lovely
KOZHIKODE LIVE
RESTAURANT
BEHIND CITY MAX
GUDAIBIYA
Breakfast COMBO
Meals COMBO
Dinner COMBO
17100039, 33844944
gulanbahrain

സ്റ്റാർവിഷൻ ന്യൂസ്
BAHRAIN 31
29 JANUARY 2021
STAR VISION മലയാളം
ml.starvisionnews.com /StarvisionMal /Starvision News




# ബൈത്തുറഹ്മ ഐക്യദാർഢ്യ സംഗമം നടത്തി

മനാമ: ബഹ്റൈൻ കെഎംസിസി കാസർഗോഡ് ജില്ലാ കമ്മിറ്റിയും ബുദയ്യ കമ്മിറ്റിയും സംയുക്തമായി നിർമിച്ചുനൽകിയ ബൈത്തുറഹ്മയുടെ സമർപ്പണം മഞ്ചേശ്വരം മണ്ഡലത്തിലെ ബംബ്രാണ യിൽ മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡണ്ട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ നിർവഹിച്ചു. മുസ്ലിം ലീഗിന്റെയും കെ.എം.സി.സിയുടെയും പോഷകസംഘടനകളുടെയും നേതാക്കന്മാർ സംബന്ധിച്ചു. അതിനോടനുബന്ധിച്ച് കാസർകോട് ജില്ലാ കമ്മിറ്റിയും ബുദയ്യ കമ്മിറ്റിയും മനാമ കെഎംസിസി ഓഫീസിൽ വച്ച് ഐക്യദാർഢ്യ സംഗമം നടത്തി. സകരിയ്യ ദാരിമിയുടെ പ്രാർത്ഥനയോടെ തുടങ്ങി കെ.എം.സി.സി കാസർഗോഡ് ജില്ലാ ആക്ടിംഗ് പ്രസിഡന്റ് ഹനീഫ ഉപ്പളയുടെ അധ്യക്ഷതയിൽ സംസ്ഥാന ജനറൽ സെക്രട്ടറി അസൈനാർ കളത്തിങ്കൽ പരിപാടി ഉദ്ഘാടനം ചെയ്തു.

ബുദയ്യ ഏരിയ കമ്മിറ്റി ഭാരവാഹികൾ കാസർഗോഡ് ജില്ലാ കമ്മിറ്റിക്ക് താക്കോൽ കൈമാറി. സംസ്ഥാന വൈസ് പ്രസിഡണ്ട് ഷാഫി പാറക്കട്ട, സെക്രട്ടറിയേറ്റ് അംഗം സലീം തളങ്കര, ബുദയ്യ ഏരിയ ആക്ടിങ് പ്രസിഡന്റ് ഹസ്സൻ കോട്ടക്കൽ, ട്രഷറർ മുജീബ് കണ്ണം കടവ്, ജില്ലാ ആക്ടിങ് ട്രഷറർ റഫീഖ് ക്യാമ്പസ്,ബുദയ്യ ഏരിയ ഓർഗാനിസിങ് സെക്രട്ടറി റഷീദ് വള്ളിക്കാട്, ജില്ലാ വൈസ് പ്രസിഡന്റ് മമ്മൂ മല്ലം, സെക്രട്ടറിമാരായ കാദർ പൊവ്വൽ, അബ്ദുല്ലാ പുത്തൂർ,ഇബ്രാഹിം ചാല, സത്താർ ഉപ്പള, ഏരിയ സെക്രട്ടറി ഹാഷിം ഷൊർണ്ണൂർ,കാസർഗോഡ് മണ്ഡലം പ്രസിഡണ്ട് അഷ്റഫ് പൈക്ക,ബാവ ഹാജി എന്നിവർ ആശംസാ പ്രസംഗം നടത്തി.



# നന്ദി

STAR VISION
മലയാളം

STAR VISION
മലയാളം
സ്റ്റാർവിഷനിലേക്ക് വാർത്തകൾക്കും, കുറഞ്ഞ നിരക്കിൽ പരസ്യം നൽകാനുമായി
starvisionbah@gmail.com, 0097366362900 ബന്ധപ്പെടുക..